I/52354/2023

**കേരള സർക്കാർ**
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**
**തമ്പാനൂർ, തിരുവനന്തപുരം-695001**

**പത്രക്കുറിപ്പ്**

**ബി.ഡി.എസ്. കോഴ്സിലേയ്ക്കുള്ള പ്രവേശനം-2023**

**പ്രവേശനത്തിനുള്ള അവസാന തീയതി ദീർഘിപ്പിച്ചു.**

2023-24 അധ്യയന വർഷത്തെ ബി.ഡി.എസ്. കോഴ്സിലേയ്ക്കുള്ള പ്രവേശനത്തിനായുള്ള അവസാന തീയതി ബഹു.ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം **15.10.2023 വരെ ദീർഘിപ്പിച്ചു.** ദന്തൽ കോളേജുകളിൽ ഒഴിവുള്ള ബി.ഡി.എസ്. സീറ്റുകൾ പ്രവേശന പരീക്ഷാ കമ്മീഷണർ നൽകിയിട്ടുള്ള യോഗ്യതാ ലിസ്റ്റുകളിൽ നിന്നും കോളേജുകൾക്ക് നികത്താവുന്നതാണ്. പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ചിട്ടുള്ള ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും നിലവിൽ പ്രവേശനം ലഭിക്കാത്തതുമായ വിദ്യാർത്ഥികൾ, അഡ്മിഷൻ ആഗ്രഹിക്കുന്ന പക്ഷം **15.10.2023 ഉച്ചയ്ക്ക് 2.00 മണിക്കകം** അതാത് കോളേജുകളിൽ ബന്ധപ്പെടാവുന്നതാണ്. 28.09.2023 തീയതിയിൽ പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ചിട്ടുള്ള വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ കോളേജുകളും വിദ്യാർത്ഥികളും നിർബന്ധമായും പാലിക്കേണ്ടതാണ്. വിശദ വിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
13-10-2023

Signed by
Arun K Vijayan
Date: 13-10-2023 18:08:27